# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
# ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

## ഹാജർ - രാജൻ എം വി

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും രണ്ടാംതരം ഓവർസീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 04-07-2019 ലെ - ഇ22-11143/2018/ സിഇ/ തസ്വഭവ നമ്പർ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 06-07-2015 ലെ - ഇ22-2326/2013/ സിഇ/ തസ്വഭവ (വാല്യം 2) നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 18-07-2019 ലെ ഇ6-6160/12/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്.
4. സ:ഉ(സാധാ) നം.2046/2019/തസ്വഭവ തീയതി 23-09-2019
5. സ:ഉ(സാധാ) നം.2405/2019/തസ്വഭവ തീയതി 29-10-2019
6. ശ്രീമതി. പ്രസന്ന സി, ശ്രീമതി. മിനി എ ജേക്കബ്, ശ്രീ. സുബാഷ് ബി എന്നീ മൂന്നാം തരം ഓവർസിയർമാരുടെ അപേക്ഷകൾ.

## ഉത്തരവ് നം. ഇ5/6160/2012/സിഇ/തസ്വഭവ(2) തീയതി 12.11.2019

ഈ വകുപ്പിലെ മൂന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിലെ റാങ്ക് നമ്പർ 571 വരെയുള്ളവർക്ക് പരാമർശം (3) ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. എന്നാൽ പരാമർശം (1)(2) ഉത്തരവ് പ്രകാരം മൂന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ റാങ്ക് നമ്പർ 561(ബി) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. മിനി എ ജേക്കബ്, റാങ്ക് നമ്പർ 562 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. സുബാഷ് ബി, റാങ്ക് നമ്പർ 562(എ) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. പ്രസന്ന സി, എന്നീ മൂന്നാംതരം ഓവർസിയർമാർക്ക് വിവിധ കാരണങ്ങളാൽ നാളിതുവരെയും രണ്ടാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്തതാണ്. ശ്രീമതി. മിനി എ ജേക്കബ്, ശ്രീ. സുബാഷ് ബി, എന്നിവർക്കെതിരെ നിലനിന്നിരുന്ന അച്ചടക്കനടപടികൾ യഥാക്രമം സൂചന (4) (5) പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്. വിശദാംശങ്ങൾ പരിശോധിച്ചതിൻ പ്രകാരം ടിയാളുകൾക്ക് പ്രസ്തുത സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിൽ, ടിയാളുകൾക്ക് പരാമർശം (2) ഉത്തരവിലെ നിബന്ധനകളോടെ രണ്ടാംതരം ഓവർസിയർ തസ്തകയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടും അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിയമിക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റം പ്രാബല്യത്തിൽ വരുന്ന തീയതി |
|---|---|---|---|
| 1 | മിനി എ ജേക്കബ്<br>പാറളം ഗ്രാമപഞ്ചായത്ത്<br>ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്<br>തൃശ്ശൂർ (പെൻ-446037) | ഗുരുവായൂർ<br>മുനിസിപ്പാലിറ്റി<br>തൃശ്ശൂർ | 18-07-2019 |
| 2 | സുബാഷ് ബി<br>ഫറോക്ക് നഗരസഭ<br>കോഴിക്കോട് (പെൻ-490006) | വടകര മുനിസിപ്പാലിറ്റി<br>കോഴിക്കോട് | 18-07-2019 |
| 3 | പ്രസന്ന സി<br>ഏഴംകുളം ഗ്രാമപഞ്ചായത്ത്<br>പറക്കോട്<br>ബ്ലോക്ക് പഞ്ചായത്ത്<br>പത്തനംതിട്ട (പെൻ-456642) | കോട്ടയം<br>മുനിസിപ്പാലിറ്റി | 18-07-2019 |

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തികൾക്ക് (നിയന്ത്രണാധികാരി മുഖേന)

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ്:

1. തസ്വഭവ ദക്ഷിണ/ഉത്തരമേഖലാ കാര്യാലയം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക്
2. പത്തനംതിട്ട/തൃശ്ശൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്. പറക്കോട്/ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്.
3. കരുതൽ ഫയൽ